# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2516

12.03.2020-ലെ മറുപടി

**കള്ളിക്കാട് മരക്കുന്നത്ത് വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. വിൻസെന്റ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കള്ളിക്കാട് മരക്കുന്നത്ത് വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതി പ്രദേശത്ത് ജില്ലാ കളക്ടറുടെ ഉത്തരവ് മറികടന്ന് പൂജ നടത്തുവാൻ ചിലർ ശ്രമിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (എ) | ജില്ലാ ഭരണകൂടം പ്രവേശനാനുമതി നിഷേധിച്ചിരുന്ന പ്രസ്തുത പദ്ധതി പ്രദേശത്ത് കുറെ ആൾക്കാർ അതിക്രമിച്ച് പ്രവേശിച്ച് പൂജ നടത്താൻ ശ്രമിച്ചിരുന്നു. സുരക്ഷിതത്വത്തിനായി നിയോഗിച്ചിരുന്ന തഹസിൽദാർ പോലീസ് ഉദ്യോഗസ്ഥർ, എന്നിവരെ കയ്യേറ്റം ചെയ്യുകയും ചെയ്തു. ഇതിനെതിരെ പോലീസ് കേസ് എടുക്കുകയും അക്രമികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. |
| (ബി) | ജനങ്ങൾക്ക് ഉപകാരപ്രദമായ ഈ പദ്ധതി അട്ടിമറിക്കുന്നതിനുള്ള ശ്രമം തടയുന്നതിനും അവിടെ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | തിരുവനന്തപുരം നഗരത്തിനും, മലയിൻകീഴ്, മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ പഞ്ചായത്തുകൾക്കും കുടിവെള്ളം ലഭ്യമാക്കുന്ന ബൃഹത് പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കി ഇത് നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങളുമായി കേരള വാട്ടർ അതോറിറ്റി മുന്നോട്ടു പോകുകയാണ്. സ്ഥലത്തിന്റെ കൈവശാവകാശത്തെ ചൊല്ലി ശ്രീരാമദാസ മിഷൻ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച വ്യവഹാരത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കാൻ റെവന്യൂ ഡിവിഷണൽ ഓഫീസർക്ക് |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | നിർദ്ദേശം നൽകിയിട്ടുമുണ്ട്. അതിനെത്തുടർന്ന് 02.03.2020-ൽ നെടുമങ്ങാട് ആർ.ഡി.ഒ. ഹിയറിംഗ് നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത വിഷയത്തിലുള്ള ആർ.ഡി.ഒ.-യുടെ തീരുമാനത്തിനനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**